**പതിനാലാം കേരള നിയമസഭ**

**പതിമൂന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : 178** 05.12.2018 -ൽ മറുപടിക്ക്.

**റേഷൻ ആനുകൂല്യങ്ങൾ**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. അനൂപ് ജേക്കബ്**<br>**,, എ.പി അനിൽ കുമാർ**<br>**,, അൻവർ സാദത്ത് :** | **ശ്രീ. പി. തിലോത്തമൻ**<br>**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |
| (എ) റേഷൻ ആനുകൂല്യങ്ങൾ ലഭിക്കുവാൻ വേണ്ടി ഒന്നരക്കൊല്ലം സപ്ലൈ ഓഫീസിൽ കയറിയിറങ്ങി മനം നൊന്ത് വയോധികൻ ജീവനൊടുക്കാൻ ശ്രമിച്ച സംഭവം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ഉണ്ട്. |
| (ബി) സപ്ലൈ ഓഫീസുകൾ ആധുനികവത്ക്കരിക്കുന്നതിനും ജനങ്ങൾക്കുള്ള ബുദ്ധിമുട്ടുകൾ കുറയ്ക്കുന്നതിനും എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ ; | (ബി) സംസ്ഥാനത്ത് ദേശീയ ഭക്ഷ്യഭദ്രതാ നിയമം, 2013 നടപ്പിലാക്കുന്നതിന്റെ ഭാഗമായി പൊതുജനങ്ങൾക്ക് കൂടുതൽ വേഗത്തിലും മെച്ചപ്പെട്ടതുമായ സേവനങ്ങൾ പ്രദാനം ചെയ്യുക എന്ന ലക്ഷ്യത്തോടെ, പൊതുവിതരണ വകുപ്പിനു കീഴിലുള്ള സ്വകാര്യ വാടക കെട്ടിടങ്ങളിൽ അല്ലാതെ പ്രവർത്തിച്ചു വരുന്ന 32 താലൂക്ക് സപ്ലൈ ഓഫീസുകൾ, മലപ്പുറം ഒഴികെയുള്ള ജില്ലാ സപ്ലൈ ഓഫീസുകൾ, കോഴിക്കോട്, ഉത്തരമേഖല, ഡെപ്യൂട്ടി കൺട്രോളറുടെ ഓഫീസ്, സിവിൽ സപ്ലൈസ് കമ്മീഷണറേറ്റ് എന്നിവ ഫ്രണ്ട് ഓഫീസ് സൗകര്യത്തോടു കൂടി നവീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ആയതിലേക്കായി 2017-18 സാമ്പത്തിക വർഷത്തിലും, നടപ്പു സാമ്പത്തിക വർഷത്തിൽ 26.11.2018 വരെയും 666.2ലക്ഷം രൂപ നിർവ്വഹണ ഏജൻസിയായ പൊതുമരാമത്ത് വകുപ്പിനും മറ്റ് അക്രെഡിറ്റഡ് ഏജൻസികൾക്കുമായി നൽകിയിട്ടുണ്ട്. മേൽപ്പറഞ്ഞ ഓഫീസുകളിൽ കോഴിക്കോട്, പത്തനംതിട്ട ജില്ലാ സപ്ലൈ ഓഫീസുകളിലും, മണ്ണാർക്കാട്, ചിറ്റൂർ, തിരുവല്ല, മല്ലപ്പള്ളി എന്നീ |

താലൂക്ക് സപ്ലൈ ഓഫീസുകളിലും പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ട്. ശേഷിക്കുന്ന ഓഫീസുകളിൽ പ്രവൃത്തികൾ പുരോഗമിക്കുന്നു. റേഷൻകാർഡ് സംബന്ധമായ അപേക്ഷകൾ ഓൺലൈനിൽ സ്വീകരിക്കുന്നതു കൂടാതെ റേഷൻകാർഡ് ലഭിക്കുന്നതിനുള്ള നടപടികൾ താഴെപ്പറയും പ്രകാരം ലഘൂകരിച്ചിട്ടുണ്ട്.

- എൻ.പി.എൻ.എസ് കാർഡ് മാത്രം ആവശ്യമുള്ളവർ അപേക്ഷയോടൊപ്പം വരുമാന സർട്ടിഫിക്കറ്റിനു പകരം വരുമാനം സ്വയം സാക്ഷ്യപ്പെടുത്തി അപേക്ഷയോടൊപ്പം നൽകിയാൽ മതിയാകും.
- പഞ്ചായത്ത് ഓഫീസുകളിൽ നിന്നും ഹാജരാക്കിക്കൊണ്ടിരുന്ന താമസം തെളിയിക്കുന്നതിനുള്ള (റസിഡൻഷ്യൽ സർട്ടിഫിക്കറ്റ്) രേഖകൾക്ക് പകരം ഇലക്ട്രിസിറ്റി ബില്ല്, വാട്ടർ ബില്ല്, ലാൻഡ് ഫോൺ ബിൽ, എൽ.പി.ജി വൗച്ചർ/ബില്ല്, ദേശസാത്കൃത ബാങ്കിന്റെ ഫോട്ടോ പതിച്ച പാസ്സ്ബുക്കിന്റെ പകർപ്പ്, ആധാർ കാർഡ്, ഇലക്ടറൽ ഐ.ഡി പകർപ്പ്, സാധുവായ വാടക കരാർ എന്നിവയിൽ ഏതെങ്കിലും ഒരു രേഖയുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഹാജരാക്കിയാൽ മതിയാകും.
- ഒരിടത്തും റേഷൻകാർഡിൽ പേരില്ലാത്തവർ ജനപ്രതിനിധികളുടെ ശുപാർശ കത്തിനു പകരം ആധാർകാർഡ് അപേക്ഷയോടൊപ്പം ഹാജരാക്കിയാൽ മതിയാകും. മേൽ നിർദ്ദേശങ്ങൾ പൊതുജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരമാവധി കുറയ്ക്കാൻ സഹായകരമാണ്.

| | |
|---|---|
| (സി) സേവനാവകാശ നിയമത്തിന്റെ പരിധിയിൽ വന്നിട്ടുള്ള സപ്ലൈ ഓഫീസിൽ നിന്നും റേഷൻ കാർഡുകൾ ലഭിക്കുന്നതിന് മാസങ്ങൾ കാത്തിരിക്കേണ്ട അവസ്ഥ മാറ്റുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ ? | (സി) റേഷൻ കാർഡുകൾ സംബന്ധിച്ച എല്ലാ അപേക്ഷകളും 25.06.2018 മുതൽ സ്വീകരിച്ചു തുടങ്ങിയിട്ടുണ്ട്. ദേശീയ ഭക്ഷ്യഭദ്രതാ നിയമം, 2013 പ്രകാരം പുതിയ റേഷൻ ഗുണഭോക്താക്തൃ പട്ടിക തയ്യാറാക്കലിന്റെയും പുതിയ റേഷൻ കാർഡുകൾ ഏവർക്കും നൽകുന്നതിന്റെയും ഭാഗമായി കഴിഞ്ഞ 4 വർഷമായി(2014 മുതൽ) അപേക്ഷകൾ സ്വീകരിക്കാതിരുന്നതിനാൽ ഓരോ താലൂക്കിലും |

ലഭിച്ച അപേക്ഷകളുടെ എണ്ണം വളരെ കൂടുതലാണ്. അതുകൊണ്ടുണ്ടായിക്കൊണ്ടിരിക്കുന്ന കാലതാമസം ഒഴിവാക്കുന്നതിനായി കൂടുതൽ ഡേറ്റാ എൻട്രി ഓപ്പറേറ്റർമാരെ, സി-ഡിറ്റ്, അക്ഷയ എന്നിവ വഴി വിനിയോഗിച്ച് താലൂക്ക് ആസ്ഥാനങ്ങളിൽ തന്നെ കാർഡുകൾ പ്രിന്റ് ചെയ്തെടുത്ത് വിതരണം നടത്തി വരുന്നു. ഇങ്ങനെ ലഭിച്ച അപേക്ഷകളുടെ അടിസ്ഥാനത്തിൽ നൽകേണ്ട കാർഡുകളുടെ വിതരണം ഏതാണ്ട് പൂർത്തിയായിട്ടുമുണ്ട്. കൂടാതെ, റേഷൻകാർഡ് പ്രിന്റ് എടുക്കുന്നതിനു വേണ്ടി ഏകദേശം 150 പ്രിന്ററും 80 ലാമിനേഷൻ മെഷീനും ബന്ധപ്പെട്ട ഓഫീസുകളിൽ എത്തിച്ചിട്ടുണ്ട്. നിലവിൽ കാർഡ് വിതരണം സുഗമമായി നടന്നു വരികയാണ്.

**സെക്ഷൻ ഓഫീസർ**